**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **25-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെയുള്ള ഹൈക്കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെ കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെ വിധി പുറപ്പെടുവിച്ചിട്ടില്ല. 2020 അക്കാദമിക വർഷം ബഹു. കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച WP(C)No.18096/2019 നമ്പർ കേസിന്റെ വിധിയിൽ വരും വർഷങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് മുമ്പ് ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കണ മെന്നു പറഞ്ഞിട്ടുണ്ട്. |
| (ബി) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കാനായി പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നടപടി കോടതി വിധിയുടെ ലംഘനമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കു വാനായി സീറ്റുകൾ കുറവുള്ള ഏഴ് ജില്ലകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് പ്രസ്തുത കോടതി വിധി അനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് ഉറപ്പാക്കി അത് പ്രകാരമാണ് മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. |
| (സി) | സ്കൂളുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് അശാസ്ത്രീയമാണെന്നതിനാൽ എസ്.എസ്.എൽ.സി.യ്ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കുക മാത്രമാണ് ഏക പോംവഴി എന്ന് കരുതുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്ത് പ്ലസ് വൺ അഡീഷണൽ ബാച്ചുകളുടെ ആവശ്യകത സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല കമ്മിറ്റിയുടെ 17.02.2021-ലെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## 2021-22 അധ്യയന വർഷം പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ/ അധിക ബാച്ചുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 17/02/2021-ന് നടന്ന സംസ്ഥാനതല കമ്മിറ്റി യോഗത്തിന്റെ നടപടി ക്രമങ്ങൾ

ബഹു: പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), കെ.ജീവൻബാബു IAS, അവർകളുടെ അധ്യക്ഷതയിൽ യോഗം രാവിലെ 11.00 -ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ബഹു: ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി.ഒ(എം.എസ്) 75/2016/പൊ.വി.വ. തീയതി 05/04/2016 പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും രണ്ട് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റികൾ സമർപ്പിച്ച് റിപ്പോർട്ട് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് സർക്കാറിന് റിപ്പോർട്ട് നല്കേണ്ടതുണ്ട്.

സംസ്ഥാനതല കമ്മിറ്റിയോഗത്തിൽ റീജിയണൽ ലെവൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുകയുണ്ടായി. റീജിയണൽ ലെവൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ആവശ്യപ്പെട്ടിരിക്കുന്ന മേഖലകളിൽ പുതിയ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കണമെന്നുള്ള ശുപാർശ അംഗീകരിക്കാമെന്ന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ 3 സർക്കാർ സ്കൂളുകളെ ഹയർ സെക്കന്ററിയായി ഉയർത്താമെന്നും ഒരു സ്കൂളിൽ അധിക ബാച്ച് അനുവദിക്കണമെന്നും ശുപാർശ ചെയ്തിരിക്കുന്നു. ടി സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണ്. അതോടൊപ്പം തന്നെ വയനാട് ജില്ലയിലെ ഹയർ സെക്കന്ററി വിഭാഗമില്ലാത്ത മുഴുവൻ സർക്കാർ ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കോഴിക്കോട് മേഖലയിൽ വിദ്യാഭ്യാസ ആവശ്യകത നിലനിൽക്കുന്നതിനാൽ ആർ.ഡി.ഡി.യുടെ ശുപാർശ അംഗീകരിച്ച് കോഴിക്കോട് ജില്ലയിലെ സർക്കാർ ഹൈസ്കൂളുകൾ ഹയർ സെക്കന്ററിയായി ഉയർത്താവുന്നതാണെന്ന് കമ്മിറ്റി വിലയിരുത്തുകയുണ്ടായി. വയനാട് ജില്ലയിൽ നിലവിലുള്ള സർക്കാർ സ്കൂളുകളിൽ ഓരോ കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. ടി ശുപാർശ അംഗീകരിച്ച് സർക്കാർ സ്കൂളുകളിൽ ടി ബാച്ചുകൾ അനുവദിക്കുന്നത് ഉചിതമായി കാണുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ആവശ്യപ്പെട്ടിരിക്കുന്ന മേഖലകളിലെ സർക്കാർ സ്കൂളുകളിൽ മാത്രം അധിക ബാച്ചുകൾ അനുവദിച്ചാൽ മതിയാകും.

പാലക്കാട്, മലപ്പുറം ജില്ലകളിൽ വിദ്യാഭ്യാസ ആവശ്യകത നിലനിൽക്കുന്നതിനാൽ നിലവിലുള്ള സർക്കാർ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനും ടി സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കമ്മിറ്റി ശുപാർശ ചെയ്യുന്നു. അതോടൊപ്പം തന്നെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ഒരു ബാച്ചിൽ 50 വിദ്യാർത്ഥികൾ മാത്രമേ പാടുള്ളൂ എന്നുള്ള തീരുമാനം കൈക്കൊള്ളേണ്ടത് അനിവാര്യമായി കമ്മിറ്റി കാണുന്നു. ഒരു ക്ലാസ്സിൽ അമ്പതിലധികം കുട്ടികളുണ്ടാകുന്നത് പഠനബോധന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് കമ്മിറ്റി വിലയിരുത്തുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ സർക്കാർ മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളുകയുണ്ടായി. മീറ്റിംഗ് 12.00- ന് സമാപിച്ചു.

1. Director of General Education
   Higher Secondary Wing
2. Director, SCERT
3. Director SIEMAT
4. Joint Director (Academic)
   Higher Secondary Wing
5. Joint Director (Exam)
   Higher Secondary Directorate